# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *352 – 23/08/2017 - ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ ആഭ്യന്തരകടം

**ചോദ്യം**
ശ്രീ.അബ്ദുൽ ഹമീദ് പി.
ശ്രീ.എൻ. ഷംസുദ്ദീൻ
ശ്രീ.പി.ഉബൈദുള്ള
ശ്രീ.പി.കെ.ബഷീർ

**ഉത്തരം**
ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തിന്റെ ആഭ്യന്തര കടത്തിൽ 2016 മാർച്ച് 31ന് ശേഷം എത്ര വർദ്ധനവ് രേഖപ്പെടുത്തി എന്ന് വ്യക്തമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 2016 മാർച്ച് 31 -ന് ശേഷം 2017 ഫെബ്രുവരി വരെയുള്ള സംസ്ഥാനത്തിന്റെ ആഭ്യന്തര കടത്തിൽ 12797 കോടി (തനി) രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| ബി | ഈ കാലയളവിൽ നികുതി പിരിവിൽ വർദ്ധനവ് വന്നിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 01.04.2015 മുതൽ 29.02.2016 വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 33969.90 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 01.04.2016 മുതൽ 28.02.2017 വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 37224.79 കോടി രൂപയാണ്. ഇതു പ്രകാരം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ കാലയളവിൽ 3254.89 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. |
| സി | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ധന ഉത്തരവാദിത്ത നിയമ വ്യവസ്ഥകൾ പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതുമൂലം ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ? | 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിലേയ്ക്ക് സാമ്പത്തിക ദൃഢീകരണത്തിനായി ഒരു പുതുക്കിയ റോഡ് മാപ്പ് 14-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ഇതിൻ പ്രകാരം ധനകമ്മി/ജി.എസ്.ഡി.പി, കടം/ജി.എസ്.ഡി.പി ലക്ഷ്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കേരള ധന ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ